ഉത്തരം

(എ&ബി) നോഡൽ നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള പദ്ധതികളും വിഭാഗത്തിന്റെ കീഴിൽ നാളിതു വരെയുള്ള 1215 ലക്ഷം രൂപയുടെ പദ്ധതികളിൽ 2 എണ്ണം പൂർത്തീകരിച്ചു. ഒരു പദ്ധതിക്ക് (മധുപാലം) അനിർവ്വഹി നിർണ്ണയ കുഴികൾ സ്ഥാപിച്ചിട്ടുണ്ട്. ആവശ്യമായ സ്ഥലം റവന്യൂ വകുപ്പ് കൈമാറി തന്നിട്ടില്ല. 9 പദ്ധതികളുടെ ടെണ്ടർ വർക്കുകൾ നടന്നുവരുന്നു. കെട്ടിട വിഭാഗത്തിൻകീഴിൽ അനുവദിച്ചതായ യു.പി.എസ്. മന്ദിരം നിർമ്മാണം-(₹ 30 Lakh), അനുവദിച്ചതായ യു.പി.എസ്. മന്ദിരനിർമ്മാണം നിലവിലുള്ള മന്ദിരത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണം (₹ 30 Lakh) എന്നിവയുടെ സാങ്കേതികാനുമതിയും ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പാങ്ങോട്-ഇടപ്പഴിഞ്ഞി വിദ്യാകാനന്ദ ലൈബ്രറിക്കായുള്ള മന്ദിരനിർമ്മാണം (₹ 6 Lakh)-ത്തിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. വാഴമുട്ടം എൽ.പി.എസ്.-നായുള്ള മന്ദിര നിർമ്മാണത്തിനായി നിർദ്ദേശം വച്ചിരുന്നെങ്കിലും ടി നിർമ്മാണത്തിനായുള്ള സ്ഥലം ഇതുവരെയും സ്കൂൾ അധികൃതർ കൈമാറി നൽകിയിട്ടില്ല.

വൺ ടൈം മെയിന്റനൻസ് ഫണ്ട്

295 (1380) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ നാട്ടിക മണ്ഡലത്തിന് വൺടൈം മെയിന്റനൻസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2015-16 വർഷത്തിൽ 200 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly